(ബി) 2004 ജനുവരി 1 മുതൽ ഒരു മാസക്കാലം 'ക്ലീൻ കേരള' മാസമായി ആചരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) 'ക്ലീൻ കേരള' മാസാചരണക്കാലത്ത് എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(ഡി) ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(ഇ) പൊതുജന പങ്കാളിത്തത്തോടെയാണോ പ്രസ്തുത പരിപാടി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്;

(എഫ്) ക്ലീൻ കേരള പദ്ധതിയിൽ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി—ഇ) ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ഉത്തരവുകൾ അനുബന്ധം I, II ആയി ചേർത്തിട്ടുണ്ട്.†

(എഫ്) ക്ലീൻ കേരള പദ്ധതിയുടെ ബോധവൽക്കരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണ നവീകരണ പരിപാടി

1 [703] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ഭരണ നവീകരണ പരിപാടി തയ്യാറാക്കിയത് ഏത് ഏജൻസിയാണ്;

(ബി) ഈ പരിപാടിക്ക് ഏതെങ്കിലും ഏജൻസിയിൽ നിന്ന് വായ്പ അനുവദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് ഏജൻസിയിൽ നിന്നാണ് വായ്പ ലഭിക്കുന്നതെന്നും തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) ഭരണ നവീകരണ പരിപാടിയുടെ പ്രചരണത്തിന് പബ്ലിക് റിലേഷൻസ് വകുപ്പിന് ഇതിനകം എത്ര തുക ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ വകുപ്പിലും ഇതിനകം കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭരണ നവീകരണ പരിപാടി പൂർണ്ണമായും കേരള സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ്.

(ബി) അനുവദിച്ചിട്ടുണ്ട്.

(സി) ഏഷ്യൻ വികസന ബാങ്കിൽ നിന്നുള്ള വായ്പയും നെതർലാൻഡ് സർക്കാരിന്റെ ഗ്രാന്റും കേന്ദ്ര സർക്കാർ അധിക പദ്ധതിവിഹിതമായി ഭരണ നവീകരണ പരിപാടിക്ക് ലഭ്യമാക്കുന്നു. 2003-2004 വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്കായി 492,35,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) 19,88,233 രൂപയുടെ പ്രചാരണ പ്രവർത്തനങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പ് നിർവ്വഹിച്ചിട്ടുണ്ട്.

(ഇ) ഈ പരിപാടി നടപ്പിലാക്കുന്നത് 16 സർക്കാർ വകുപ്പുകളും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റും ആണ്. അവയ്ക്കായുള്ള വിശദമായ നിർവ്വഹണ പദ്ധതി സർക്കാർ അംഗീകരിച്ചുകഴിഞ്ഞു. നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്.

ജനങ്ങളുമായി ആശയ വിനിമയം നടത്താൻ സർക്കാർ നവീകരണ പരിപാടിക്ക് കീഴിൽ തിരുവനന്തപുരം സിറ്റി പോലീസിന് അനുവദിച്ച ജാലിക (website) ഇതിനോടകം പ്രവർത്തന സജ്ജമായിട്ടുണ്ട്. വിലാസം: *www.tvmcitypolice.org*

എം.ജി.പി.-യുടെ ഭാഗമായി സമഗ്ര പരിശീലനം

2 [704] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.പി.-യുടെ ഭാഗമായി സർക്കാർ ജീവനക്കാർക്കുള്ള സമഗ്ര പരിശീലനത്തിന് നടപ്പ് സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) ഇവ ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ നവീകരണ പരിപാടിയുടെ ഭാഗമായുള്ള പരിശീലനത്തിനും അനുബന്ധ ചെലവുകൾക്കുമായി 15 കോടി രൂപയാണ് 2003-2004-ലെ ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

(ബി) ഈ തുക പരിശീലനത്തിനും ഐ.എം.ജി., കില തുടങ്ങിയ സർക്കാർ മേഖലയിലെ പരിശീലന സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിനിയോഗിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly